പാടശേഖരങ്ങൾക്ക് മട കുത്തുന്നതിന് അഡ്വാൻസ് അനുവദിക്കൽ

296 (1738) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ കാലവർഷത്തിലും വെള്ളപ്പൊക്കത്തിലും മട വീണ ഏതെല്ലാം പാടശേഖരങ്ങൾക്ക് മട കുത്തുന്നതിന് എത്ര തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കളക്ടേറ്റിൽ കൂടിയ യോഗത്തിലെ തീരുമാന പ്രകാരം മട കുത്തുന്നതിന് പാടശേഖരങ്ങൾക്ക് അഡ്വാൻസ് തുക അനുവദിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോട്ടയം, ആലപ്പുഴ ജില്ലകളിൽ ഇക്കഴിഞ്ഞ കാലവർഷത്തിലും വെള്ളപ്പൊക്കത്തിലും മട വീണ പാടശേഖരങ്ങളിൽ മട കുത്തുന്നതിന് ധനസഹായ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) അഡ്വാൻസ് തുക അനുവദിച്ചിട്ടില്ല.

(സി) ഇക്കഴിഞ്ഞ കാലവർഷത്തിൽ മട വീണ പാടശേഖരങ്ങൾക്ക് മട കുത്തുന്നതിന് തുക അനുവദിച്ചു നൽകിയിട്ടില്ല. കർഷകർ കൃഷിയെ രക്ഷിക്കാനായി സ്വന്തമായി മട കുത്തുകയും തുക പിന്നീട് എസ്റ്റിമേറ്റ് എടുത്ത് നൽകുകയുമാണ് ചെയ്യുന്നത്.

കാർഷികമേഖലയിൽ കേന്ദ്ര മുതൽമുടക്കോടെയുള്ള പദ്ധതികൾ

297 (1739) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികമേഖലയിൽ 100% കേന്ദ്ര മുതൽമുടക്കോടെയുള്ള പദ്ധതികൾ ഏതെല്ലാമെന്നു വിശദമാക്കുമോ ;

(ബി) കാർഷികമേഖലയിൽ കേന്ദ്ര-സംസ്ഥാനവിഹിതം സംയുക്തമായി ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ ;

(സി) ഇക്കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ മേൽസൂചിപ്പിച്ചിട്ടുള്ള പദ്ധതികൾക്കായി ലഭ്യമാക്കേണ്ടിയിരുന്ന കേന്ദ്രവിഹിതം എത്രയെന്നും ചെലവാക്കിയ തുകയുടെ വിവരങ്ങൾ പദ്ധതിയിനം തിരിച്ചും നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ 100% കേന്ദ്ര മുതൽമുടക്കോടെ 2014-15-ൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

(എ) പാലക്കാട് ജില്ലയിൽ മാത്രമായി നടപ്പിലാക്കുന്ന നെൽകൃഷിക്കു വേണ്ടിയുള്ള ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതി (NFSM-Rice)

(ബി) നാളികേര വികസന ബോർഡിന്റെ ചെറുകിട തെങ്ങിൽ തോട്ടങ്ങളിൽ സമ്മിശ്ര കൃഷി നടപ്പിലാക്കുന്നതിനുള്ള പദ്ധതി. ടി പദ്ധതി ആലപ്പുഴ ജില്ലയിൽ കുട്ടനാട് പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയും ഇടുക്കി ജില്ലയിൽ ഇടുക്കി പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയും നടപ്പിലാക്കുന്നു.

(സി) സംസ്ഥാനത്തൊട്ടാകെയായി നടപ്പിലാക്കുന്ന ദേശീയ ബയോഗ്യാസ് പദ്ധതി.

(ബി) 2014-15 സാമ്പത്തിക വർഷം കേന്ദ്ര സംസ്ഥാന വിഹിതം സംയുക്തമായി വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.*

(സി) 2014-15 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന ഏതാനും പദ്ധതികൾ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ നടപ്പിലാക്കിയിട്ടില്ല. (NMSA-RAD/CCSAMMN/SHM) മുൻ മൂന്നു വർഷങ്ങളിലെ വിശദാംശം അനുബന്ധം രണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.*

റബ്ബർ ബോർഡിന്റെ പ്രവർത്തനം

298 (1740) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) റബ്ബർ കർഷകർക്ക് നിലവിൽ സബ്സിഡി വിതരണം തടസ്സപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പുനഃസ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) റബ്ബർ ബോർഡിന്റെ പ്രവർത്തനം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്ക് മാറ്റുകയാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.